പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 130 30/09/2011-ൽ മറുപടിക്ക്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും സ്വകാര്യ ആശുപത്രികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, ജോസഫ് വാഴക്കൻ<br>,, ഹൈബി ഈഡൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | (എ) കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി പദ്ധതി വിപുലപ്പെടുത്തി വരുന്നു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ചിസ് പ്ലസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കരൾ, മസ്തിഷ്ക രോഗങ്ങളും, അപകടത്തിൽ പ്പെട്ടവരെയും ഉൾപ്പെടുത്തി ചികിത്സാ നുകൂല്യം കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ ശ്രീ പദ്ധതി എന്ന ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും സർക്കാരിന്റെ പരിഗണന യിലുണ്ട്. |
| (ബി) പദ്ധതി സ്വകാര്യ ആശുപത്രികളി ലേക്ക് കൂടി വ്യാപിപ്പിക്കുന്നത് ആലോചി ക്കുന്നുണ്ടോ ;<br><br>(സി) ഇതിനായി എന്തെല്ലാം നടപടിക ളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (ബി & സി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ഇപ്പോൾത്തന്നെ ലഭ്യമാണ്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സന്നദ്ധരായി വരുന്ന സ്വകാര്യ ആശുപത്രികളുടെ സൗകര്യങ്ങൾ പദ്ധതി പ്രകാരം പര്യാപ്തമാണോയെന്ന് പരിശോധിച്ച ശേഷമാണ് ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. സ്വകാര്യ ആശുപത്രികളെ പദ്ധതിയിലേക്ക് ആകർഷി ക്കുന്നതിന് വിപുലമായ പരസ്യങ്ങൾ വാർത്താ മാധ്യമങ്ങൾ വഴി നൽകി വരുന്നു. |

| | |
|---|---|
| (ഡി) സർക്കാർ ജീവനക്കാർ/പൊതുമേഖലാ ജീവനക്കാർ എന്നിവർക്ക് കൂടി പ്രയോജനമുണ്ടാകുന്ന രീതിയിൽ ഇതു നടപ്പാക്കാൻ ശ്രമിക്കുമോ ? | (ഡി) നിലവിലുള്ള ചിസ് പദ്ധതിയിൽ എല്ലാപേർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗങ്ങൾക്ക് പ്രീമിയം തുക മുഴുവനായും ഗുണഭോക്താവ് തന്നെ വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ